# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2445 — 20/06/2012-ൽ മറുപടിക്ക്

## ആദിവാസികൾക്ക് സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഇന്ത്യയിലാദ്യമായി ആദിവാസികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പ് നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. 2003-04 ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് 2007-08 മുതലാണ് പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത്. |
| ബി | എങ്കിൽ ഇതിന്റെ ആനുകൂല്യം എത്ര ആദിവാസികൾക്ക് ലഭിച്ചിട്ടുണ്ട്; ഇതുവരെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പിൻതുടരുന്നുണ്ടോ എങ്കിൽ വിശദമാക്കാമോ; | ബി | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഇതുവരെ 1,14,800 ആദിവാസികൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 11,30,08,377/- രൂപ (പതിനൊന്ന് കോടി മുപ്പത് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ട്. ഈ ഇനത്തിൽ ലഭിച്ച ഫണ്ട് പൂർണ്ണമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതി തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിന് ഈ സാമ്പത്തിക വർഷം 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്നുള്ള വിഷയ നിർണയ സമിതിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ